**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട** **18.07.2016-ൽ മറുപടിക്ക്**

**ചോദ്യം നം 254**

# മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി**<br>**ശ്രീ.വി. എസ്. അച്ചുതാനന്ദൻ**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീ. കെ. ദാസൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്ക് ഹാനികരമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 200 മുതൽ 500 മീറ്റർ വരെയുള്ള പ്രദേശം ഒരു ബഫർ സോണായി നിലനിർത്തണമെന്ന ശുപാർശ, വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധനത്തിന് അനുമതി നൽകാനുള്ള ശുപാർശ, ഇന്ത്യയ്ക്കാവശ്യമായ expertise ഉം സാങ്കേതിക ജ്ഞാനവും ഇല്ല എന്ന കാരണം പറഞ്ഞ് വിദേശ കപ്പലുകൾക്കും വിദേശ തൊഴിലാളികൾക്കും ഇപ്പോഴുള്ള എമിഗ്രേഷൻ ക്ലിയറൻസ് ഉദാരമാക്കി അവരെ ഉപയോഗപ്പെടുത്തി മത്സ്യബന്ധനം നടത്തണമെന്ന ശുപാർശ എന്നിവ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നതാണ്. നിലവിലുള്ള മത്സ്യബന്ധന യാനങ്ങൾക്ക് പുറമേ 240 tuna long liner ഉം 15 purse seiners ഉം 15 squid jigger ഉം ഉൾപ്പെടെ 270 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്ക് കൂടി EEZ ൽ മത്സ്യബന്ധനത്തിന് അനുവാദം നൽകുന്നതിനുള്ള ശിപാർശയും മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളി കളേയും ബോട്ടുടമകളേയും ദോഷകരമായി ബാധിക്കുന്നതാണ്. |
| (ബി) | ഇതു പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ പല ശുപാർശകളും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കും എന്നുള്ളതിനാൽ പ്രസ്തുത ശുപാർശകൾ തള്ളിക്കളയുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേന്ദ്രകൃഷി മന്ത്രിയ്ക്ക് മെമ്മോറാണ്ടം സമർപ്പിക്കുകയും കേന്ദ്രകൃഷിമന്ത്രാലയത്തിന് കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം നവീകരിച്ചും ആഴക്കടൽ മത്സ്യബന്ധനത്തിനായി പ്രത്യേക സംവിധാനമുള്ള യാനങ്ങൾ നൽകിയും പരമ്പരാഗത | (സി) | പരമ്പരാഗത മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രോൽസാഹി പ്പിക്കുന്നതിനായി High Quality Japanese Diving Boards, Artficial Fishing Baits/Lure, Deep Sea Fishing Smith's Jig എന്നിവ നൽകുന്നതിനുള്ള Sophisticated Fishing |

| | | | |
|---|---|---|---|
| | മത്സ്യത്തൊഴിലാളികളെ ശാക്തീകരിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ; | | Gear Materials for Deep Sea Fishing എന്ന പ്രോജക്റ്റിന് 2015-16 സാമ്പത്തികവർഷം ഭരണാനുമതി നൽകി നടപടികൾ സ്വീകരിച്ചു വരികയാണ്. നടപ്പ് സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ആഴക്കടൽ മത്സ്യബന്ധനം പ്രോൽസാഹിപ്പിക്കുന്നതിനായി പരമ്പരാഗത മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ വഴി ആവശ്യമായ പരിശീലനം നൽകുന്നതിനും ഇതിന് അനുയോജ്യമായ രീതിയിലുള്ള മത്സ്യബന്ധന യാനങ്ങൾ നൽകുന്നതിനുമുള്ള ഒരു പദ്ധതി നടപ്പിലാക്കാനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. **07.07.2016** ൽ ഫിഷറീസ് മേഖലയിലെ **Central Institute** കളിലെ ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഫിഷറീസ് വകുപ്പിന് വിവിധ മേഖലകളിൽ ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനോടനുബന്ധിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിനനുയോജ്യമായ യാനങ്ങൾ വാങ്ങുന്നതിനും, മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് പരിശീലനം നൽകുന്നതിനുമുള്ള സാങ്കേതിക സഹായം **CIFT/CIFNET** എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇന്ത്യൻ തീരം വിദേശ ട്രോളറുകൾക്ക് തുറന്നു കൊടുക്കാനുള്ള ശിപാർശ തള്ളുന്നതിനായി കേന്ദ്രസർക്കാരിൽ ഏതു തരത്തിലുള്ള സമ്മർദ്ദം ചെലുത്തുമെന്ന് അറിയിക്കാമോ? | (ഡി) | വിദേശ ട്രോളറുകൾക്ക് അനുകൂലമായ ശുപാർശകൾ ഉൾക്കൊള്ളുന്ന മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള എം.പി മാരോടും ഈ വിഷയത്തിൽ ഇടപെടുന്നതിനും റിപ്പോർട്ട് നടപ്പാക്കാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അതിനായി സമ്മർദ്ദം ചെലുത്തുന്നതിനും അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ